# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **600**

**29.10.2019** ൽ മറുപടിക്ക്

സ്വകാര്യമേഖലയിലെ കരിമണൽ ഖനനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യമേഖലയിൽ കരിമണൽ ഖനനത്തിനായുള്ള എല്ലാ അനുമതികളും റദ്ദാക്കാൻ കേന്ദ്രസർക്കാർ മാർച്ച് ഒന്നിന് സംസ്ഥാനങ്ങൾക്ക് നൽകിയ നിർദ്ദേശത്തിൽ പറയുകയുണ്ടായോ; | (എ) ഉണ്ട് |
| (ബി) സ്വകാര്യമേഖലയിൽ ഖനനം അനുവദിക്കരുതെന്ന് മാത്രമല്ല ഇതിനകം അനുവദിച്ചവയും റദ്ദാക്കണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ടോ; | (ബി) ഉണ്ട് |
| (സി) സ്വകാര്യ ലൈസൻസുകൾ റദ്ദാക്കിയതിന്റെ നടപടി റിപ്പോർട്ട് സമർപ്പിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിരുന്നോ; എന്നാൽ കേരളം ഇതുവരെ പ്രസ്തുത റിപ്പോർട്ട് കേന്ദ്രത്തിന് നൽകിയിട്ടില്ല എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (സി) പരിശോധിച്ചിട്ടുണ്ട്. |
| (ഡി) രാജ്യത്ത് നിലവിലുള്ള നിയമപ്രകാരം സ്വകാര്യ മേഖലയിൽ ഖനനം സാധ്യമല്ലെന്ന് മാർച്ച് ഒന്നിലെ കേന്ദ്ര നിർദ്ദേശത്തിൽ പ്രത്യേകം വ്യക്തമാക്കുന്നുണ്ടോ; | (ഡി) സ്വകാര്യ മേഖലയിൽ അനുവദിച്ച കരിമണൽ ഖനനാനുമതികൾ റദ്ദാക്കണമെന്ന് കേന്ദ്രസർക്കാർ 2019 മാർച്ച് ഒന്നിന് സംസ്ഥാനങ്ങൾക്ക് നൽകിയ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) എന്നാൽ നിലവിൽ ഖനനാനുമതിയുള്ള പൊതുമേഖല കമ്പനിയായ കേരള മിനറൽസ് ആന്റ് മെറ്റൽസിനൊപ്പം പങ്കാളിത്തം നൽകി കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡിന് ഖനനത്തിന് അവസരം ഒരുക്കാൻ ശ്രമങ്ങൾ നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപെട്ടുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ